# ബംഗ്ലാദേശ് ഇസ്‌ലാമിക് ബാങ്ക്

● എം.വി

**ദരിദ്രർക്ക്** സേവനം ചെയ്യുന്നതിൽ മായാത്ത മുദ്രപതിച്ച മഹദ് സംരംഭമാണ് ബംഗ്ലാദേശ് ഇസ്‌ലാമിക് ബാങ്ക്. ബാങ്ക് എന്നു കേൾക്കുമ്പോൾ ദരിദ്രരെ കടക്കെണിയിൽ വീഴ്ത്തുന്ന സ്ഥാപനം എന്നേ നമ്മുടെ ഓർമയിൽ വരൂ. നമ്മുടെ നാട്ടിലെ വികസന പ്രവർത്തനങ്ങൾ അധികവും ലക്ഷ്യം കാണാതെ പോവുന്നത് ബാങ്കുകൾ വഴി സാമ്പത്തിക വിനിമയം നടക്കുന്നതിനാലാണ്. ജനക്ഷേമ പദ്ധതികൾക്കായി വായ്പ നൽകുന്ന സഹകരണ ബാങ്കുകൾ പലിശയിലധിഷ്ഠിതമാകയാൽ കടം ഇരട്ടിയായി ഇടപാടുകാരൻ ആത്മഹത്യ ചെയ്ത നിരവധി സംഭവങ്ങൾക്ക് നാം സാക്ഷികളാണല്ലോ. വ്യവസ്ഥിതിയുടെ ന്യൂനത പരിഹരിച്ച് പലശരഹിത വായ്പകൾ നൽകി ഇത്തരം ദുരനുഭവങ്ങൾ തടയാൻ ആരും മുന്നോട്ടു വരാത്തത് അദ്ഭുതം തന്നെ!

നിക്ഷേപകരുടെ സാമ്പത്തിക ലാഭം മാത്രമേ പരമ്പരാഗത ബാങ്കുകൾ നോക്കുന്നുള്ളൂ. മറിച്ചാണ് ഇസ്‌ലാമിക ബാങ്കുകളുടെ പ്രവർത്തന രീതി. ഗുണഭോക്താക്കളുടെ വളർച്ചയും ഉന്നമനവുമാണ് അവയുടെ മുഖ്യലക്ഷ്യം. ദാരിദ്ര്യനിർമാർജനത്തിനും ക്ഷേമപ്രവർത്തനങ്ങൾക്കും അവ പ്രായോഗിക രീതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നു. അതിന്റെ മികച്ച മാതൃകയാണ് ബംഗ്ലാദേശ് ഇസ്‌ലാമിക് ബാങ്ക്.

കൃഷി, മത്സ്യം വളർത്തൽ, കോഴി വളർത്തൽ തുടങ്ങിയ ചെറുകിട ഉൽപാദന മേഖലകളെ ശാസ്ത്രീയമായി പരിപോഷിപ്പിച്ചെടുക്കാൻ ഇസ്‌ലാമിക് ബാങ്കിന് 'ഗ്രാമവികസന പദ്ധതി' എന്ന പേരിൽ ഒരു പ്രത്യേക സ്കീം തന്നെയുണ്ട്. ബാങ്കിന്റെ ശാഖയിൽനിന്ന് 16 കി.മീ അർധവ്യാസത്തിൽ മാതൃകാ ഗ്രാമങ്ങൾക്ക് രൂപം നൽകുക, ഗ്രാമപ്രദേശങ്ങളിൽ ബാങ്കിന്റെ ഉൽപാദന-സേവനങ്ങൾ എത്തിക്കുക; ഗ്രാമീണ യുവാക്കൾക്ക് ജോലി നേടാനും വരുമാനമുണ്ടാക്കാനും ഉൽപാദന പരിപാടികൾ ഗ്രാമങ്ങളിലേക്ക് വികസിപ്പിക്കുക, ഗ്രാമത്തിലെ ദാരിദ്ര്യത്തിന് പരിഹാരം കാണാൻ ഉൽപാദന പദ്ധതികൾ പ്രയോജനപ്പെടുത്തുക, ഗ്രാമങ്ങളിൽ ശുദ്ധജലവും വാസസൗകര്യവും ലഭ്യമാക്കുക, ദരിദ്രരെ സ്വയം തൊഴിൽ കണ്ടെത്താൻ സഹായിക്കുക എന്നിവയാണ് ഗ്രാമീണ വികസന പദ്ധതിയുടെ സുപ്രധാന ലക്ഷ്യങ്ങൾ.

### മാതൃകാ ഗ്രാമം

ഗ്രാമങ്ങൾ തെരഞ്ഞെടുക്കുമ്പോൾ പ്രധാനമായും രണ്ടു കാര്യങ്ങൾ പരിഗണിക്കുന്നു. ഒന്ന്, വാർത്താ വിനിമയ-ഗതാഗത സൗകര്യങ്ങളുടെ ലഭ്യതയും കാർഷികവും കാർഷികേതരവുമായ പ്രവർത്തനങ്ങളുടെ സാധ്യതയും. രണ്ടാമതായി താഴ്ന്ന വരുമാനമുള്ള ആളുകളുടെ ആധിക്യം. ഇവ രണ്ടും പരിഗണിച്ച് ഗ്രാമം തെരഞ്ഞെടുത്തു കഴിഞ്ഞാൽ അടിസ്ഥാനതല സർവേ നടത്തി ബാങ്കിന്റെ ശാഖ പ്രവർത്തനം ആരംഭിക്കും. ബാങ്ക് ലക്ഷ്യമിടുന്ന വിഭാഗങ്ങൾ ഇവരാണ്:

* കാർഷിക വൃത്തികളിൽ ഏർപ്പെടുന്ന, അര ഏക്കറിൽ കവിയാത്ത ഭൂമി സ്വന്തമായുള്ള കർഷകർ.

* കൂട്ടുകൃഷി നടത്തിക്കൊണ്ടിരിക്കുന്ന കർഷകർ.

* ഭൂരഹിതരോ അഥവാ അര ഏക്കറിന് താഴെ ഭൂമിയുള്ളവരോ ആയ കാർഷികേതര വൃത്തികളിൽ ഏർപ്പെട്ടവർ.

* പരമ ദരിദ്രർ

ഗുണഭോക്താവിന്റെ പ്രായപരിധി 18 മുതൽ 50 വയസ്സുവരെയാണ്. തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തികൾ മാതൃകാ ഗ്രാമത്തിലെ സ്ഥിരവാസികളായിരിക്കണം. മറ്റ് ബാങ്കുകളിൽനിന്നോ സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നോ കടമെടുത്തവർ ഈ പദ്ധതിയിൽ ചേരാൻ അർഹരല്ല.

### ഉൽപാദന മേഖലകളും സഹായത്തിന്റെ തോതും

1. കാർഷിക വൃത്തിക്ക് ഒരു വർഷം നൽകുന്ന സഹായം 15,000 ടാക്ക
2. പൂകൃഷി, പഴവർഗങ്ങൾ, തൈകൾ തയാറാക്കൽ-ഒരു വർഷം 30,000
3. കാർഷിക പദ്ധതികൾ. 1-3 വർഷം 30,000
4. കാലി വളർത്തൽ. 1-2 വർഷം 20,000
5. കോഴി വളർത്തൽ, താറാവ് വളർത്തൽ. 1 വർഷം 20,000
6. മത്സ്യം വളർത്തൽ കേന്ദ്രം. 1-2 വർഷം 30,000
7. ഗ്രാമീണ ഗതാഗതം. 1 വർഷം 10,000
8. വീടു നിർമാണം. 1-5 വർഷം 20,000
9. ഇതര മേഖലകൾ. 1 വർഷം 30,000

ഇടപാടുകാർ ഉൽപാദനരംഗത്ത് തങ്ങളുടെ കഴിവ് തെളിയിക്കുകയാണെങ്കിൽ ക്രമേണ സഹായ ധനത്തിൽ വർധനവുണ്ടാകും. വിജയകരമായി പദ്ധതികൾ പൂർത്തിയാക്കുന്നവർക്ക് സർവവിധ പ്രോത്സാഹനവും നൽകിക്കൊണ്ടിരിക്കും. ഭവന നിർമാണ പദ്ധതി നിർണിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നവർക്ക് കൈപമ്പ്, കിണർ, കക്കൂസുകൾ എന്നിവക്കാവശ്യമായ പണം ലാഭമെടുക്കാതെ കടം കൊടുക്കും. ഇസ്‌ലാമിലെ ധന വിനിമയ നിയമങ്ങളുടെ വെളിച്ചത്തിലാണ് ഈ കടമിടപാടുകൾ. അവ പലിശരഹിതമാണെന്ന് പറയേണ്ടതില്ലല്ലോ.

### ഗ്രൂപ്പ് വ്യവസ്ഥ

പദ്ധതിയുടെ അടിസ്ഥാനം ഗ്രൂപ്പ് വ്യവസ്ഥയാണ്. ഗ്രൂപ്പിലെ അംഗങ്ങൾ പരസ്പരം കൂടിയാലോചിച്ചാണ് പ്രവർത്തിക്കുക. സാധാരണ സമാന ജോലികളിലേർപ്പെട്ട അഞ്ച് അംഗങ്ങളാണ് ഗ്രൂപ്പിൽ ഉണ്ടാവുക. ഓരോന്നിനും ലീഡറും ഡെപ്യൂട്ടി ലീഡറും ഉണ്ടായിരിക്കും. ഗ്രൂപ്പ്

രൂപീകരിച്ചാൽ ബാങ്ക് ശാഖാ മാനേജർ അവരെ സന്ദർശിച്ച് പദ്ധതി ചർച്ച ചെയ്യുകയും ഗ്രൂപ്പിന് പാസ് ബുക്ക് നൽകുകയും ചെയ്യും. ബാങ്ക് നിർദേശിക്കുന്ന ഫീൽഡ് ഓഫീസറുടെ നിർദേശ പ്രകാരം ഗ്രൂപ്പ് അംഗങ്ങളുടെ പ്രവർത്തനം ഗ്രൂപ്പ് ലീഡറാണ് നിയന്ത്രിക്കുക.

ഗ്രൂപ്പ് ലീഡർ അർഹരായ ഇടപാടുകാരെ കണ്ടെത്തി നിർദേശിക്കുകയും ബാങ്കിലടക്കേണ്ട തവണകൾ പിരിച്ചെടുക്കാൻ സഹായിക്കുകയും ചെയ്യും. ആഴ്ച തോറുമുള്ള ഗ്രൂപ്പ് യോഗത്തിൽ അദ്ദേഹം അംഗങ്ങളുടെ സാന്നിധ്യം ഉറപ്പുവരുത്തും. അംഗങ്ങളിൽനിന്ന് അടവ് വിഹിതം സ്വീകരിക്കുന്നത് ഈ വാരാന്ത യോഗങ്ങളിലാണ്.

രണ്ടിൽ കുറയാത്തതും എട്ടിൽ കവിയാത്തതുമായ ഗ്രൂപ്പുകൾ ചേർന്ന് ഒരു സെന്റർ രൂപീകരിക്കുന്നു. സെന്ററിന് ഒരു ലീഡറും ഒരു സഹായിയും ഉണ്ടായിരിക്കും. ആഴ്ചതോറും സെന്റർ ഒത്തുകൂടി പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നു.

ഇടപാടുകളിൽ ധാർമിക മൂല്യങ്ങൾ മുറുകെ പിടിക്കേണ്ടതിന്റെ ആവശ്യകത, പദ്ധതിയുടെ സാങ്കേതിക വശങ്ങൾ, പ്രശ്നങ്ങളും പരിഹാരങ്ങളും, പദ്ധതി വിജയിപ്പിക്കുന്നതിൽ അംഗങ്ങളുടെ ഉത്തരവാദിത്വങ്ങൾ എന്നീ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതും ഫണ്ട് ശേഖരിക്കുന്നതും അത് പാസ് ബുക്കിൽ രേഖപ്പെടുത്തുന്നതും സെന്റർ ഒത്തു ചേരുന്ന അവസരത്തിലായിരിക്കും. ബാങ്കിന്റെ ഫീൽഡ് ഓഫീസറുടെ നേതൃത്വത്തിലാണ് സെന്റർ മീറ്റിംഗുകൾ ചേരുക.

അർഹരായ ഇടപാടുകാരുടെ ലിസ്റ്റ് തയാറാക്കുകയും ഫണ്ട് തിരിച്ചടക്കാനുള്ള വ്യവസ്ഥ നിർണയിക്കുകയും ചെയ്യുന്നത് ഫീൽഡ് ഓഫീസറാണ്. സെന്റർ മീറ്റിംഗിൽ വെച്ച് തെരഞ്ഞെടുക്കുന്ന ഇടപാടുകാർ സമർപ്പിക്കുന്ന അപേക്ഷ ഗ്രൂപ്പ് ലീഡർ, പ്രോജക്ട് ഓഫീസർ എന്നിവരുടെ ശുപാർശയോടുകൂടി ബാങ്കിന്റെ ശാഖാ മാനേജർക്ക് സമർപ്പിക്കാം.

ഗ്രൂപ്പ് പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തുന്ന അംഗങ്ങളെ മറ്റു അംഗങ്ങൾ ബോധവൽക്കരിക്കുകയും ഗ്രൂപ്പ് അച്ചടക്കം പാലിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യും. ഇതിൽ പരാജയപ്പെടുകയാണെങ്കിൽ പ്രസ്തുത അംഗം മുഖേനയുണ്ടായ നഷ്ടം പരിഹരിക്കാൻ ഗ്രൂപ്പിലെ മറ്റംഗങ്ങൾ ബാധ്യസ്ഥരാണ്. അച്ചടക്ക ലംഘനത്തിന് ആ അംഗത്തെ ഗ്രൂപ്പിൽനിന്ന് പുറത്താക്കും. ബാങ്കിൽനിന്ന് മേലിൽ ഒരു തരത്തിലുള്ള ഉൽപാദന പദ്ധതിക്കും അയാൾക്ക് സഹായം നൽകുന്നതല്ല.

മുസ്‌ലിം എയ്ഡിന്റെയും ഇസ്‌ലാമിക് ബാങ്കിന്റെയും പ്രവർത്തനമാണ് ബംഗ്ലാദേശിലെ ദരിദ്രർക്ക് പ്രത്യാശ പകരുന്നത്. ലോകത്തിന്റെ നാനാഭാഗത്തുനിന്നും എത്തുന്ന സർക്കാരേതര സേവന സംഘങ്ങൾ ദുരന്തബാധിതർക്ക് ആശ്വാസമേകുന്നുണ്ടെങ്കിലും ആസൂത്രിതമായ വികസനപരിപാടികൾ മേൽപറഞ്ഞ രണ്ട് സ്ഥാപനങ്ങൾ വഴിയാണ് കാര്യമായി നടന്നുവരുന്നത്. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ സജീവ സാന്നിധ്യം ഈ സേവന മേഖലകളിലെല്ലാം കാണാനാകും. ■